പക്ഷിപ്പനി ബോധവൽക്കരണത്തിന്റെ ഭാഗമായി ലീഫ്‌ലെറ്റുകൾ, ബിറ്റ് നോട്ടീസുകൾ ഇവ പുറത്തിറക്കിയിട്ടുണ്ട്. പത്രപരസ്യം നൽകിയിട്ടുമുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ ജോലിയെടുക്കുന്ന ആരോഗ്യ വകുപ്പിലെ മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുകയും അവരിലൂടെ ഫീൽഡ് വിഭാഗം ജീവനക്കാർ രോഗബാധിത പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രതലത്തിൽ രോഗബാധിത മേഖലകളിൽ ബാനറുകൾ, കോർണർ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ബോധവൽക്കരണം ഊർജ്ജിത പെടുത്തുന്നുണ്ട്.

സുകൃതം പദ്ധതി

30 (2581) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുകൃതം പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ;

(ബി) എ.പി.എൽ., ബി.പി.എൽ. മാനദണ്ഡം ഒഴിവാക്കി മുഴുവൻ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ക്യാൻസർ രോഗ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർകൊണ്ടുള്ള മരണനിരക്ക് വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കാൻസർ രോഗ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യ ഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. തിരുവനന്തപുരം ആർ.സി.സി., തലശ്ശേരി മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുക. ഇതിനായി സ. ഉ. (ആർ റ്റി.) 3530/2014/ആ.ക.വ. തീയതി 29-10-2014 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാൻസർ കെയർ സൊസൈറ്റി രൂപീകരിക്കുകയും, സുകൃതം പദ്ധതിക്കായുള്ള ധനവിനിയോഗങ്ങൾ ടി സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഇതിന്റെ പ്രയോജനം എത്തിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായിവരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായിവരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ആരോഗ്യ കേരളം

31 (2582) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽവച്ച് 2009 മാർച്ച് മാസം നടത്തിയ ആരോഗ്യ കേരളം പരിപാടിയുടെ ഭാഗമായ ത്രിദിന പരിശീലന ക്യാമ്പിൽ പങ്കെടുത്ത നൂറുകണക്കിന് ജീവനക്കാർക്ക് നാളിതുവരെ അനുവദനീയ ബത്ത നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;